## മുദ്രകൾ

# ഇസ്രയേൽ ജയിച്ചില്ല; ഹമാസ് തോറ്റതുമില്ല



**ഒടുവിൽ** ഇസ്രയേൽ-ഹമാസ് വെടിനിർത്തൽ കരാർ. 22 ദിവസത്തെ തുടർച്ചയായ ഏകപക്ഷീയ ആക്രമണങ്ങൾക്ക് താൽക്കാലിക വിരാമം. ഇസ്രയേൽ എന്തു നേടി, ഹമാസിന് കനത്ത ആഘാതമേൽപിക്കാൻ ആക്രമണങ്ങൾക്ക് കഴിഞ്ഞുവോ? ഇതാണ് ബാക്കിയാവുന്ന ചോദ്യം. ഹമാസ് തോറ്റില്ല, ഇസ്രയേൽ ജയിച്ചതുമില്ല- ഇതാണ് സൈനിക വിദഗ്ധർ നൽകുന്ന മറുപടി. "22 ദിവസം ഉഗ്ര പ്രഹരശേഷി പുറത്തെടുത്തിട്ടും ഹമാസിനെയോ മറ്റു പോരാളി ഗ്രൂപ്പുകളെയോ അടിയറവ് പറയിക്കാൻ ഇസ്രയേലിന് കഴിഞ്ഞില്ല." ലബനീസ് സൈനിക വിദഗ്ധൻ വലീദ് സൊക്കാരിയ പറഞ്ഞു: "ഇസ്രയേലിലേക്ക് റോക്കറ്റുകൾ വിക്ഷേപിക്കുന്നത് തടയാനോ ഗസ്സയിലെ ഹമാസ് ഭരണം അവസാനിപ്പിക്കാനോ പിടിക്കപ്പെട്ട ഇസ്രയേലീ പട്ടാളക്കാരൻ ഗിലാദ് ശാലിത്തിനെ മോചിപ്പിക്കാൻ പോലുമോ ഈ ആക്രമണം കൊണ്ട് സാധിച്ചില്ല." എന്നിട്ടും ഇസ്രയേൽ പ്രധാനമന്ത്രി എഹൂദ് ഒൽമർട്ട് പറഞ്ഞത്, യുദ്ധം അതിന്റെ ലക്ഷ്യം നേടിക്കഴിഞ്ഞുവെന്നാണ്.

അടിയന്തര ഘട്ടങ്ങളിൽ പിടിച്ചുനിൽക്കാൻ ഹമാസ് ഒരുക്കിയ ടണൽ സംവിധാനങ്ങൾ തകർക്കുക ഇസ്രയേലിന്റെ മറ്റൊരു ലക്ഷ്യമായിരുന്നു. അത് വിജയിച്ചില്ലെന്ന് ഇസ്രയേലീ ഇന്റലിജൻസ് തലവൻ യുവാൽ ഡിസ്കിൻ തന്നെ സമ്മതിക്കുന്നു. ഇസ്രയേൽ വലതുപക്ഷ പ്രതിപക്ഷമായ ലികിഡ് പാർട്ടിയും യുദ്ധം പരാജയപ്പെട്ടതായി വിലയിരുത്തി.

"ഇസ്രയേൽ അതിന്റെ ലക്ഷ്യങ്ങൾ നേടുന്നതിൽ പരാജയപ്പെട്ടെങ്കിൽ അത് ഹമാസിന്റെ വ്യക്തമായ വിജയംതന്നെയല്ലേ?" - ഈജിപ്ഷ്യൻ സൈനിക വിദഗ്ധൻ ത്വൽഅത്ത് മുസല്ലമ ചോദിച്ചു. പ്രചാരണയുദ്ധത്തിലും ഹമാസ് പ്രതിയോഗികളെ മലർത്തിയടിക്കുകയായിരുന്നു. ഫലസ്ത്വീനിലും അറബ് ലോകത്തും ലോകത്തുടനീളവും ഹമാസിന്റെ ജനകീയതയും സ്വീകാര്യതയും വർധിച്ചു.

ഗസ്സക്കാർക്ക് വിവരണാതീതമായ നാശനഷ്ടങ്ങളുണ്ടായി എന്നതാണ് യുദ്ധത്തിന്റെ ബാക്കിപത്രം. 1300ൽ അധികം പേരാണ് ഗസ്സയിൽ കൊലചെയ്യപ്പെട്ടത്. ഇവരിൽ പകുതിയോളം സിവിലിയന്മാരാണ്. 20,000 പാർപ്പിടങ്ങളാണ് ഇസ്രയേൽ ബോംബിട്ട് തകർത്തത്. 1500 വ്യാപാര സ്ഥാപനങ്ങൾ നിലംപൊത്തി. 51 ഗവൺമെന്റ് കെട്ടിടങ്ങളും 18 വിദ്യാഭ്യാസ സ്ഥാപനങ്ങളും 20 പള്ളികളും 50 കിലോമീറ്റർ റോഡുകളും തരിപ്പണമായി. പുനർനിർമാണത്തിന് ചുരുങ്ങിയത് ഒരു ബില്യൻ ഡോളറെങ്കിലും വേണ്ടിവരും. ■

# പരിധിവിടുന്ന വംശീയ തരംതിരിവ്




എലേനർ ഹോംസ് നോർട്ടൻ

**"എല്ലാ** നിയമസാധുതകളോടെയും അമേരിക്കയിൽ താമസിക്കുന്ന ഒരു വിഭാഗത്തെ ഭീകരന്മാരായി കാണുകയാണ് അമേരിക്കൻ വിമാനത്താവള അധികൃതർ. ഈ വംശീയ തരംതിരിവ് (racial profiling) സകല പരിധിയും ലംഘിച്ചിരിക്കുന്നു"- പറയുന്നത് അമേരിക്കൻ കോൺഗ്രസ് അംഗം എലേനർ ഹോംസ് നോർട്ടൻ. വ്യോമഗതാഗതത്തെക്കുറിച്ച പ്രശ്നങ്ങൾ പഠിക്കുന്ന പ്രതിനിധിസഭാ സബ്കമ്മിറ്റിയിലും അവർ അംഗമാണ്. ഒർലൻഡോവിലേക്ക് പോകുന്ന ഒരു വിമാനത്തിൽനിന്ന് കുട്ടികൾ ഉൾപ്പെടെ ഒരു ഒമ്പതംഗ മുസ്‌ലിം കുടുംബത്തെ ഇറക്കിവിട്ടതിനെക്കുറിച്ച് പ്രതികരിക്കുകയായിരുന്നു എലേനർ. 'സുരക്ഷിത സീറ്റ്' എന്ന് ഈ കുടുംബത്തിലെ ഒരാൾ പറയുന്നത് യാത്രക്കാരിലൊരാൾ കേട്ടത്രെ. ഉടൻ പോലീസെത്തി ഇവരെ കൈയാമംവെച്ച് പിടിച്ചുകൊണ്ടു പോയി. അഞ്ച് മണിക്കൂർ എയർപോർട്ടിൽ തടഞ്ഞുവെച്ചു. കുറ്റക്കാരല്ലെന്ന് കണ്ടിട്ടും ടിക്കറ്റിന്റെ പണം തിരിച്ചു നൽകിയില്ല.

2006ൽ ആറ് ഇമാമുമാരെ വിമാനത്തിൽനിന്ന് ഇറക്കിവിട്ട സംഭവം വലിയ വിവാദമായിരുന്നു. കഴിഞ്ഞ ആഴ്ചയാണ് റാഇദ് ജർറാർ എന്ന ഇറാഖ് വംശജനായ അമേരിക്കൻ പൗരന് വലിയൊരു സംഖ്യ നഷ്ടപരിഹാരം നൽകാൻ അമേരിക്കൻ എയർപോർട്ട് അധികൃതർ നിർബന്ധിതരായത്. 'ഞങ്ങൾ നിശ്ശബ്ദരായിരിക്കില്ല' എന്ന സ്റ്റിക്കർ ഇംഗ്ലീഷിലും അറബിയിലും പതിച്ച ടീഷർട്ട് ധരിച്ചതിനാണ് ജർറാറിനെ ഇറക്കിവിട്ടത്. ഇതുപോലെ നിരവധി സംഭവങ്ങൾ. ഇത്തരം വിവേചനപരമായ സംഭവങ്ങൾ പരാതിപ്പെടാത്തതുകൊണ്ട് പുറംലോകം അറിയാതെ പോകുന്നു. എലേനർ അംഗമായ ഏവിയേഷൻ സബ്കമ്മിറ്റി ഇത്തരം സംഭവങ്ങളെക്കുറിച്ച് വിശദമായി പഠിച്ച ശേഷം, എയർപോർട്ട് അധികൃതർക്ക് വേണ്ടി ഒരു പെരുമാറ്റച്ചട്ടം സമർപ്പിക്കുമെന്നാണ് കരുതപ്പെടുന്നത്. ■

## നേരറിവ്

നൗഷാദ് മാള






■

# ഒബാമാ ടീമും നവയാഥാസ്ഥിതികർ തന്നെ



**അമേരിക്കയുടെ** 44-ാമത് പ്രസിഡന്റായി അധികാരമേറ്റ ശേഷം നടത്തിയ പ്രസംഗത്തിൽ, മുസ്‌ലിംലോകവുമായി പരസ്പര ആദരവിന്റേതായ ഒരു പുതിയ പാത വെട്ടിത്തെളിക്കുമെന്ന് ബറാക് ഒബാമ പ്രഖ്യാപിക്കുകയുണ്ടായി. ഈ പ്രഖ്യാപനം എത്രത്തോളം പ്രാവർത്തികമാക്കാനാവുമെന്ന കാര്യത്തിൽ പല കോണുകളിൽ നിന്നും ഇപ്പോഴേ സംശയങ്ങൾ ഉയർന്നുതുടങ്ങി. *ഇസ്‌ലാം ഓൺലൈൻ നെറ്റി*ലെ രാഷ്ട്രീയ നിരീക്ഷകനായ മുഹമ്മദ് കമാൽ അറഫ ഉന്നയിക്കുന്ന സംശയങ്ങൾ വളരെ ന്യായമാണെന്ന് ആർക്കും ബോധ്യപ്പെടും. പഴയ ക്ലിന്റൻ ഭരണകൂടത്തിലുണ്ടായിരുന്ന ഒരുവിധം ആളുകളെയെല്ലാം ഒബാമ തന്റെ ഭരണത്തിലും കുടിയിരുത്തിയിട്ടുണ്ട്. ഇവർ ക്ലിന്റൻ അനുകൂലികൾ മാത്രമല്ല, തീവ്ര നവയാഥാസ്ഥിതികർ കൂടിയാണ്. റിപ്പബ്ലിക്കൻ പാർട്ടിയിലേ നവയാഥാസ്ഥിതികരുള്ളൂ എന്ന ധാരണ തെറ്റാണ്. നിയോ കൺസർവേറ്റീവ് ഡമോക്രാറ്റ്സ് എന്നാണ് ഡമോക്രാറ്റുകളിലെ നവയാഥാസ്ഥിതികർ അറിയപ്പെടുന്നത്. ഇറാഖ്, അഫ്ഗാൻ അധിനിവേശങ്ങളെ റിപ്പബ്ലിക്കന്മാരെ കടത്തിവെട്ടുംവിധം ന്യായീകരിക്കുന്നവർ.

സുഡാനെ വെട്ടിമുറിക്കാൻ ദാർഫൂർ പ്രശ്നത്തിന്റെ മറവിൽ സയണിസ്റ്റ് ലോബി പടച്ചുണ്ടാക്കിയ *സേവ് ദാർഫൂർ അലയൻസിൽ* ഒബാമയും മക്കയ്നും ഹിലരി ക്ലിന്റനുമെല്ലാം മുൻ നിരയിൽ ഉണ്ടായിരുന്നു എന്നോർക്കണം. 'ഞാനൊരു സയണിസ്റ്റാണ്' എന്ന് പച്ചയായി പറഞ്ഞ ജോ ബൈഡനെയാണ് ഒബാമ വൈസ് പ്രസിഡന്റാക്കിയിരിക്കുന്നത്. ഇറാഖിനെ മൂന്നായി വെട്ടിമുറിക്കണം എന്ന തിയറി ഇദ്ദേഹത്തിന്റേതാണ്. വിദേശകാര്യ സെക്രട്ടറി ഹിലരി ക്ലിന്റൻ കടുത്ത സയണിസ്റ്റ്പക്ഷപാതിയും ഫലസ്തീൻവിരുദ്ധയുമാണ്. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയിംസ് ജോൺസ്, ആഭ്യന്തര സുരക്ഷാ മന്ത്രി ജാനറ്റ് നെപ്പോളിറ്റാനോ, പ്രതിരോധ സെക്രട്ടറി റോബർട്ട് ഗേറ്റ്സ്, ജൂതനായ ചീഫ് ഓഫ് സ്റ്റാഫ് റഹം ഇമ്മാനുവൽ, ജൂതൻ തന്നെയായ സീനിയർ അഡ്വൈസർ ഡേവിഡ് അക്സലോർഡ്, മധ്യപൗരസ്ത്യ ദേശത്തേക്കുള്ള പ്രത്യേക ദൂതൻ ഡാനിയൽ കർട്സർ... ഇങ്ങനെ തീവ്ര നിയോകോണുകളാണ് കുഞ്ചിക സ്ഥാനങ്ങളിലത്രയും. ഒബാമാ ടീമിലെ ജെയിംസ് ജോൺസ് എന്നൊരാളാണ് ഇസ്രയേൽ ക്രൂരതകളെ വിമർശിക്കുന്ന ഏക പ്രധാനി.

ഗസ്സയിൽ ഇസ്രയേൽ 22 ദിവസം തുടർച്ചയായി കൂട്ടക്കൊല നടത്തിയിട്ടും ഒബാമാ ടീം ഒരക്ഷരം മിണ്ടാതെ മാളത്തിലൊളിച്ചത് ശ്രദ്ധിക്കുക. സിറിയ, ഇറാൻ, സുഡാൻ ഇവയെ ആകും പുതിയ നിയോകോൺ കഴുകന്മാർ നോട്ടമിടുക. അമേരിക്കൻ സമ്പദ്ഘടനയുടെ നട്ടെല്ലൊടിഞ്ഞതുകൊണ്ട് ഈ രാഷ്ട്രങ്ങൾക്ക് കുറച്ച് സാവകാശം കിട്ടിയെന്നുവരും. ■

# ഇസ്‌ലാമിക സാമ്പത്തിക മൂല്യങ്ങൾക്ക് പ്രതിസന്ധിയെ മറികടക്കാനാവും

**ന്യൂദൽഹി:** നീതിയിലും ധാർമികതയിലും അധിഷ്ഠിതമായ ഇസ്‌ലാമിക സാമ്പത്തിക മൂല്യങ്ങൾക്ക് നിലവിലെ സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാനാവുമെന്ന് പ്രശസ്ത ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്ര വിദഗ്ധനും ജിദ്ദ കിംഗ് അബ്ദുൽ അസീസ് യൂനിവേഴ്സിറ്റിയിലെ മുൻ റിസർച്ച് പ്രഫസറുമായ ഡോ. നജാത്തുല്ലാ സിദ്ദീഖി അഭിപ്രായപ്പെട്ടു. സാമാജിക് ചേതനാ മഞ്ചിന്റെ ആഭിമുഖ്യത്തിൽ ദൽഹിയിലെ കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിൽ നടന്ന പ്രഭാഷണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഊഹാധിഷ്ഠിത ചൂതാട്ടം, പലിശ, മറ്റുള്ളവരെ പരിഗണിക്കാത്ത മനഃസ്ഥിതി എന്നിവയാണ് ഇന്നത്തെ സാമ്പത്തിക വ്യവസ്ഥയുടെ ആണിക്കല്ലുകൾ. സാധാരണഗതിയിൽ, ഭൂതത്തിലെയും വർത്തമാനത്തിലെയും വരവു കൊണ്ടാണ് ഭാവി നിർമിക്കപ്പെടുന്നത്. എന്നാൽ ഭാവിയിലെ വരവ് കൊണ്ട് വർത്തമാനം നിർമിക്കുന്ന പ്രക്രിയയാണ് ഇന്ന് നടക്കുന്നത്. ഉയർന്ന പലിശക്ക് കണ്ടമാനം കടംകൊടുക്കുന്ന ഏർപ്പാട് ബിൽക്ലിന്റന്റെ കാലത്തുതന്നെ അമേരിക്കയിൽ തുടങ്ങിയിട്ടുണ്ട്.

വിപണി സ്വയം നിയന്ത്രിക്കും എന്ന് പറയുന്നത് മൗഢ്യമാണ്. വിപണിയിലേക്ക് ഉദ്ദേശ്യപൂർവം ധാർമികതയെ കയറ്റിവിടാത്തേടത്തോളം അധാർമികമാവാനായിരിക്കും അതിന്റെ പ്രവണത.



സാമാജിക് ചേതനാ മഞ്ച് സംഘടിപ്പിച്ച പരിപാടിയിൽ രാജ്യസഭാ ഉപാധ്യക്ഷൻ കെ. റഹ്മാൻ ഖാൻ സംസാരിക്കുന്നു

ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയിലെ മൂന്ന് മഹാ മൂല്യങ്ങൾക്ക്- പലിശ നിരോധം, ഊഹ-ചൂതാട്ട നിരോധം, മറ്റുള്ളവർക്ക് പരിഗണന- ഇന്നത്തെ പ്രതിസന്ധിയെ മറികടക്കാനാവും. മറ്റുള്ളവരുടെ കൂടി നന്മ ലാക്കാക്കി സ്വന്തം മെച്ചത്തിന് പ്രയത്നിക്കാനാണ് മതം കൽപിക്കുന്നത്. ഫൈസൽ അവാർഡ് ജേതാവ് കൂടിയായ ഡോ. സിദ്ദീഖി പറഞ്ഞു.

രാജ്യസഭാ ഉപാധ്യക്ഷൻ കെ. റഹ്മാൻ ഖാൻ മുഖ്യാതിഥിയായിരുന്നു. ഇസ്‌ലാമിക് ബാങ്കിംഗ് സമ്പ്രദായം ഇന്ത്യയിലും നടപ്പാക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സാമാജിക് ചേതനാ മഞ്ച് കൺവീനർ ഡോ. എസ്.ക്യൂ.ആർ ഇല്യാസ്, ഇന്ത്യൻ സെന്റർ ഫോർ ഇസ്‌ലാമിക് ഫൈനാൻസ് (ഐ.സി.ഐ.എഫ്) ജന. സെക്രട്ടറി എച്ച്. അബ്ദുർറഖീബ്, ജമാഅത്തെ ഇസ്‌ലാമി ദൽഹി-ഹരിയാന ഹൽഖാ അമീർ ഡോ. മുഹമ്മദ് റഫ്അത്ത്, ഡോ. വഖാർ അൻവർ എന്നിവർ സംസാരിച്ചു. ■